(ബി) പ്രസ്തുത ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇപ്പോൾ നാലാം ഗഡു തുക അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) യഥാസമയം അപേക്ഷ സമർപ്പിക്കാതിരുന്നതിനാൽ (31-3-2000 വരെ) കുറ്റിപ്പുറം, പേരാമ്പ്ര, ബാലുശ്ശേരി, ഇരിക്കൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നാലാം ഗഡു തുക നൽകിയിട്ടില്ല.

(ബി) ഇരിക്കൂർ ബ്ലോക്കിന് മുൻവർഷം നൽകേണ്ട നാലാം ഗഡു തുക നൽകുന്ന കാര്യം പരിഗണനയിലാണ്. കുറ്റിപ്പുറം, പേരാമ്പ്ര, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് തുക നൽകുന്ന കാര്യം പരിഗണനയിൽ ഇല്ല.

ജനകീയാസൂത്രണ പദ്ധതികൾക്കായി ചെലവാക്കിയ തുക

79 (1334) ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി എത്ര തുക ചെലവാക്കിയിട്ടുണ്ട് ;

(ബി) ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)	ഗ്രാമപഞ്ചായത്തുകൾ	1,45,353.387 ലക്ഷം രൂപ
	ബ്ലോക്ക് പഞ്ചായത്തുകൾ	2,69,45,81,419 രൂപ
	നഗരസഭകൾ	40,556.92 ലക്ഷം രൂപ

ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഫ്ളാറ്റുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി

80 (1337) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായി പണിതുയർത്തുന്ന ഫ്ളാറ്റുകളുടെ സുരക്ഷിതത്വം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) കൊച്ചി, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ കായൽ നികത്തിയും ചതുപ്പുനിലം നികത്തിയും പണിയുന്ന ഫ്ളാറ്റുകൾ സുരക്ഷിതമാണെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ ;

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

2-3-2001-ലെ 79 (1334)-ാം നമ്പർ ചോദ്യം കാണുക

ഗ്രാമ പഞ്ചായത്തുകൾ ചെലവഴിച്ച തുക (തുക ലക്ഷത്തിൽ)

1997-98	40477.94
1998-99	34080.20
1999-2000	56661.879
2000-2001	14133.368

ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ച തുക

1997-98	102292800 രൂപ
1998-99	820150232 "
1999-2000	1248036768 "
2000-2001	524101619 രൂപ (31-1-2001 വരെ)

നഗരസഭകൾ ചെലവഴിച്ച തുക (തുക ലക്ഷത്തിൽ)

1997-98	-	9587.50
1998-99	-	12277.00
1999-2000	-	12235.91
2000-2001	-	6456.51

ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly